LIBRARY ARCHIVES Kerala Legislative Assembly

ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ ഇ.എം.എസ് ഭവന പദ്ധതി

175 (1645) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് വീട് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അർഹരായ എത്ര കുടുംബങ്ങൾക്ക് വീട് ലഭിക്കാനുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം 921 വീടുകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം വീട് ലഭിക്കാൻ ബാക്കിയുള്ള കുടുംബങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ പേര്	വീട് ലഭിക്കാൻ ബാക്കിയുള്ള കുടുംബങ്ങളുടെ എണ്ണം
രാജാക്കാട്	499
രാജകുമാരി	459
ശാന്തമ്പാറ	439
സേനാപതി	878
ഉടുമ്പൻചോല	844
നെടുങ്കണ്ടം	1200
കരുണപുരം	941
പാമ്പാടുംപാറ	801
ഇരട്ടയാർ	490
വണ്ടൻമേട്	7148
ആകെ	7148

ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരുടെ പുതിയ പട്ടിക

176 (1646) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീ. ബാബു പോൾ : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ പുതിയ പട്ടിക ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇപ്പോൾ എത്ര ശതമാനം പേരാണ് ദാരിദ്ര്യരേഖയ്ക്ക് തഴെയുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏതെല്ലാം വിഭാഗങ്ങളെ മുഴുവനായി ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) മൊത്തം എത്ര കുടുംബങ്ങളിൽ ഇതിനായി സർവ്വേ നടത്തിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഇപ്പോൾ പ്രസിദ്ധീകരിച്ച പട്ടിക അനുസരിച്ച് ഗ്രാമ പ്രദേശങ്ങളിൽ 43.38 ശതമാനം കുടുംബങ്ങളും നഗരപ്രദേശങ്ങളിൽ 37.19 ശതമാനം കുടുംബങ്ങളും ദാരിദ്രരേഖയ്ക്ക് താഴെ ഉള്ളവരാണ്.

(ബി) ഗ്രാമപ്രദേശങ്ങളിലെ ദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നതിന് അർഹതയുള്ള (ഒഴിവാക്കൽ മാനദണ്ഡ പ്രകാരം ദാരിദ്ര്യ കുടുംബങ്ങളായി പരിഗണിക്കാൻ അർഹത ഇല്ലാത്ത കുടുംബങ്ങൾ ഒഴികെയുള്ള കുടുംബങ്ങൾ) കുടുംബങ്ങളിലെ എല്ലാ പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങളേയും ദാരിദ്ര്യരേഖ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നഗരപ്രദേശങ്ങളിലെ ദാരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നതിന് അർഹതയുള്ള (ഒഴിവാക്കൽ മാനദണ്ഡ പ്രകാരം ദാരിദ്ര കുടുംബങ്ങളായി പരിഗണിക്കാൻ അർഹത ഇല്ലാത്ത കുടുംബങ്ങൾ ഒഴികെയുള്ള കുടുംബങ്ങൾ) എല്ലാ കുടുംബങ്ങളേയും ദാരിദ്രരേഖ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 76,12,343 കുടുംബങ്ങളിലാണ് സർവ്വേ നടത്തിയിട്ടുള്ളത്.

ബി.പി.എൽ. പട്ടിക

177 (1647) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ബി.പി.എൽ. പട്ടിക ഏതു വർഷത്തിൽ പ്രസിദ്ധീകരിച്ചതാണ് ; അതിൽ എത്ര കുടുംബങ്ങളാണ് ഉൾപ്പെട്ടിരുന്നത് എന്നു വ്യക്തമാക്കാമോ ;

(ബി) പുതുതായി ബി.പി.എൽ. പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഈ പുതിയ പട്ടികയനുസരിച്ച് സംസ്ഥാനത്ത് എത്ര കുടുംബങ്ങളാണ് ബി.പി.എൽ. പട്ടികയിൽ വരുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) കേന്ദ്രസർക്കാർ നിർദ്ദേശമനുസരിച്ച് എത്ര കുടുംബങ്ങളാണ് സംസ്ഥാനത്ത് ഉള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ഗ്രാമപ്രദേശങ്ങളിലെ ബി.പി.എൽ. ലിസ്റ്റ് 2000-ൽ പ്രസിദ്ധീകരിച്ചതാണ്. അതിൽ 17.23 ലക്ഷം കുടുംബങ്ങളാണ് ഉണ്ടായിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly